"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - അനസ്തീഷ്യ വിഭാഗം കൺസൾട്ടന്റ് ഡോ.അമ്പിളി.ബി. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No.866/2023-ന്മേലുള്ള 30.06.2023 തീയതിയിലെ ഉത്തരവ് - അനുപാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1991/2023/H&FWD തീയതി,തിരുവനന്തപുരം, 07-08-2023

---

പരാമർശം:-

1. സ.ഉ (സാധാ) നം.1382/2023/ആകുവ തീയതി 09.06.2023.
2. അനസ്തീഷ്യ വിഭാഗം കൺസൾട്ടന്റ് ഡോ.അമ്പിളി.ബി. സമർപ്പിച്ച 24.06.2023 തീയതിയായ അപ്പീൽ അപേക്ഷ.(അനുബന്ധം-എ6).
3. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No.866/2023-ന്മേലുള്ള 30.06.2023 തീയതിയിലെ ഉത്തരവ് .
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25.07.2023-ലെ ഇ.എ1-14000/2023/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ പുറപ്പെടുവിച്ച പരാമർശം (1) പൊതു സ്ഥലം മാറ്റ ഉത്തരവിൽ അനസ്തേഷ്യ വിഭാഗം കൺസൾട്ടന്റ് ആയ ഡോ. അമ്പിളി ബി-യെ എറണാകുളം ജനറൽ ആശുപത്രിയിൽ നിന്നും ടിയാളുടെ ഓപ്ഷനായ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒഴിവിൽ പരിഗണിക്കാതെ ചേർത്തല താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് സ്ഥലം മാറ്റിയതിനെതിരെ അപേക്ഷക ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച OA(EKM)-866/2023 അപേക്ഷയിന്മേൽ പരാമർശം (3) പ്രകാരം ബഹു: ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) അനുബന്ധം എ6 പ്രകാരമുള്ള ഡോ. അമ്പിളി ബി.-യുടെ അപേക്ഷ പരിഗണിച്ച് ടിയാളെയും മൂന്നാം എതിർ കക്ഷിയായ ഡോ. സന്തോഷ് ബാബു.യു-നെയും, പ്രസ്തുത ഹർജിയിലെ ഒന്നാം എതിർ കക്ഷിയായ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവ് തീയതി മുതൽ രണ്ട് മാസത്തിനകം നേരിൽ കേട്ട് തീരുമാനമെടുക്കാൻ നിർദ്ദേശിച്ചിരുന്നു.

2) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയേയും ടി ഹർജിയിലെ മൂന്നാം എതിർകക്ഷി ഡോ. സന്തോഷ് ബാബു.യു-നെയും 26.07.2023 തീയതി 11 മണിയ്ക്ക് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ചുവടെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ നേരിൽ കേൾക്കുകയുണ്ടായി. OA(EKM)-866/2023 ഹർ ജിയിലെ അനുബന്ധം A6 ലും നേരിൽ നടത്തിയ ഹിയറിങ്ങിലും അപേക്ഷക ഡോ അമ്പിളി ചുവടെ പറയുന്ന വസ്തുതകൾ അറിയിച്ചു. അപേക്ഷക 10.03.2019 മുതൽ എറണാകുളം ജനറൽ ആശുപത്രിയിൽ

0195461

സേവനത്തിൽ തുടരവെ പൊതു സ്ഥലം മാറ്റത്തിന് തിരുവനന്തപുരം ജനറൽ ആശുത്രിയിലേക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും കരട് പട്ടികയിൽ ചേർത്തല താലൂക്ക് ആസ്ഥാന ആശുപത്രിയിലാണ് സ്ഥലം മാറ്റം അനുവദിച്ചത് എന്നും അതിനെതിരെ അപേക്ഷക ആരോഗ്യ വകുപ്പ് ഡയറക്ടർ മുമ്പാകെ 12.04.2023 തീയതിയായി അപ്പീൽ സമർപ്പിച്ചു എങ്കിലും ആയത് പരിഗണിക്കപ്പെടാതെ പരാമർശം (1) പ്രകാരമുള്ള അന്തിമ സ്ഥലം മാറ്റ ഉത്തരവിൽ അപേക്ഷകയ്ക്ക് ചേർത്തല താലൂക്ക് ആസ്ഥാന ആശുപത്രി തന്നെ അനുവദിക്കുകയായിരുന്നു എന്നും അപേക്ഷക അറിയിച്ചു. തിരുവനന്തപുരം സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ അനസ്തേഷ്യ വിഭാഗം കൺസൾട്ടന്റ് ഡോ. സന്തോഷ് ബാബുവിന് 3 km -നുള്ളിൽ ജനറൽ ട്രാൻസ്ഫർ നിബന്ധന പരിഗണിക്കാതെ നിയമനം നൽകി എന്നാണ് അപേക്ഷക ഉന്നയിക്കുന്ന പ്രധാന ആക്ഷേപം. മാത്രമല്ല, അപേക്ഷകയുടെയും മൂന്നാം എതിർ കക്ഷിയുടെയും സ്റ്റേഷൻ സീനിയോറിറ്റി ഒന്ന് തന്നെ ആകയാൽ അത്തരം കേസുകളിൽ GO(P)No. 3/2017/P&ARD dated 25-02-2017 ഉത്തരവ് പ്രകാരം പരിഗണിക്കേണ്ട പൊതു സ്ഥലം മാറ്റ നിബന്ധന 10(ii) സർവ്വീസ് സീനിയോറിറ്റി പരിഗണിക്കുക 10(v) വിദൂര സ്റ്റേഷനിൽ ജോലി ചെയ്യുന്നവർക്ക് ആദ്യ പരിഗണന എന്നീ വ്യവസ്ഥകൾ പാലിച്ചില്ല എന്നും അപേക്ഷക വ്യക്തമാക്കി. സ്വന്തമായി വീട് നിർമ്മിച്ച് തിരുവനന്തപുരത്ത് താമസിക്കുന്നതിനാലും കുട്ടികൾ തിരുവനന്തപുരത്ത് നിന്ന് പഠനം നടത്തുന്നതിനാലും ജനറൽ ആശുപത്രിയിൽ അനസ്തേഷ്യ കൺസൾട്ടന്റ് തസ്തികയിൽ നിയമനം നൽകണം എന്നും അപേക്ഷിച്ചു. അപേക്ഷക ഡോ. അമ്പിളി നിലവിൽ ചേർത്തല താലൂക്ക് ആശുപത്രിയിൽ സേവനത്തിൽ പ്രവേശിച്ച് അവിടെ തുടരുന്നു.

3) മൂന്നാം എതിർകക്ഷി ഡോ.സന്തോഷ് ബാബുവിനെ നേരിൽ കേട്ടതിൽ ടിയാൾ ചുവടെ പറയുന്ന വസ്തുതകൾ അറിയിക്കുകയുണ്ടായി:

25.01.2001ൽ സേവനത്തിൽ പ്രവേശിച്ച ടിയാൻ പതിമൂന്നര വർഷം സ്വന്തം ജില്ലയ്ക്ക് പുറത്ത് സേവനം ഉള്ള വ്യക്തി ആണെന്നും അതിൽ തന്നെ രണ്ട് വർഷം ഇടുക്കി ജില്ലയിൽ ആയിരുന്നു എന്നും അറിയിച്ചു. 2023 പൊതു സ്ഥലം മാറ്റത്തിന് സമർപ്പിച്ച ഒന്നാമത്തെ ഓപ്ഷൻ തിരുവനന്തപുരം ജനറൽ ആശുപത്രി ആയിരുന്നു എന്നും കരടിൽ നെയ്യാറ്റിൻകര താലൂക്ക് ആശുപത്രി ലഭിച്ചപ്പോൾ അപ്പീൽ സമർപ്പിച്ചതിൻ്റെ അടിസ്ഥാനത്തിലാണ് ജനറൽ ആശുപത്രി കിട്ടിയതെന്നും ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചതായും അവിടെ തുടരാനാണ് ആഗ്രഹമെന്നും അറിയിച്ചു.

4) ഈ വിഷയത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം നൽകിയ റിപ്പോർട്ടിൽ ചുവടെ പറയുന്ന വസ്തുതകൾ അറിയിച്ചിരുന്നു:

അപേക്ഷക ഡോ. അമ്പിളി പൊതു സ്ഥലം മാറ്റത്തിന് തിരുവനന്തപുരം ജനറൽ ആശുപത്രി എന്ന ഒറ്റ ഓപ്ഷൻ ആണ് സമർപ്പിച്ചത്. ടിയാളുടെ ഹോം സ്റ്റേഷൻ എറണാകുളം ആണ്. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ അനസ്തേഷ്യ കൺസൾട്ടൻ്റ് തസ്തികയിൽ വന്ന രണ്ട് ഒഴിവുകളിൽ ഒന്ന് 31.05.2024 ൽ വിരമിക്കുന്ന ഡോ. ഷീല ആർ നാഥ് -ന് കോഴിക്കോട് ജനറൽ ആശുപത്രിയിൽ നിന്നും സ്ഥലം മാറ്റമായി നൽകിയതാണ്. രണ്ടാമത്തെ ഒഴിവിൽ തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിന്നുള്ള ഡോ സന്തോഷ് ബാബുവിനാണ് നൽകിയത്. ഡോ സന്തോഷ് ബാബുവിൻ്റെ ഹോം സ്റ്റേഷൻ തിരുവനന്തപുരം ആയതിനാലും അപേക്ഷകയേക്കാൾ ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി

ഉള്ളതിനാലും ആയിരുന്നു ടിയാനെ പരിഗണിക്കാൻ ശിപാർശ നൽകിയത് എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5) സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. അപേക്ഷക പൊതു സ്ഥലം മാറ്റത്തിന് തിരുവനന്തപുരം ജനറൽ ആശുപത്രി എന്ന ഒറ്റ ഓപ്ഷനാണ് സമർപ്പിച്ചിരുന്നത്. സ്പാർക്ക് വഴിയുള്ള ടിയാളുടെ അപേക്ഷ പരിശോധിച്ചതിൽ ഹോം സ്റ്റേഷൻ എറണാകുളം ആയിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പൊതു സ്ഥലം മാറ്റം സംബന്ധിച്ച GO(P) No. 3/2017/PARD dated 25-02-2017 ഉത്തരവിൽ സ്ഥലം മാറ്റത്തിന് ഒന്നാമത്തെ മുൻഗണന സ്റ്റേഷൻ സീനിയോറിറ്റിയും അത് കഴിഞ്ഞ അടുത്ത മുൻഗണന ഔട്ട് സ്റ്റേഷൻ സർവ്വീസും ആണ്. അത് തുല്യമെങ്കിൽ ആണ് അപേക്ഷക ഉന്നയിച്ച സർവ്വീസ് സീനിയോറിറ്റി പരിഗണിക്കുക എന്നതാണ് വ്യവസ്ഥ. ഇപ്രകാരം എല്ലാ മുൻഗണനയും തുല്യമായ സാഹചര്യത്തിൽ ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ദൂരക്കൂടുതൽ ഉള്ള അപേക്ഷകരെ പരിഗണിക്കണം എന്ന വ്യവസ്ഥ മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ അപേക്ഷകയേക്കാൾ ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി ഉള്ളതിനാലും ഹോം സ്റ്റേഷൻ തിരുവനന്തപുരം അയതിനാലും ഡോ സന്തോഷ് ബാബു.യു.-ന് നൽകിയ സ്ഥലം മാറ്റം ക്രമ പ്രകാരമാണ്. അപേക്ഷകയും മൂന്നാം എതിർ കക്ഷിയും പരാമർശം (1) പൊതുസ്ഥലംമാറ്റം മുഖാന്തിരം നിയമിച്ച സ്റ്റേഷനുകളിൽ സേവനത്തിൽ പ്രവേശിച്ചിട്ടുമുണ്ട്. ആയതിനാൽ അപേക്ഷകയുടെ സ്ഥലം മാറ്റം സ്ഥിരപ്പെടുത്തിക്കൊണ്ടും, അപേക്ഷകയ്ക്ക് താൽപര്യം ഉണ്ടെങ്കിൽ ഹോം സ്റ്റേഷൻ മാറ്റുന്നതിനും 2024 പൊതു സ്ഥലം മാറ്റം ക്ഷണിക്കുന്ന മുറയ്ക്ക് അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ അത് അപേക്ഷകയുടെ പ്രായം, സർവ്വീസ് സീനിയോറിറ്റി, ഹിയറിങ് സമയത്ത് ഉന്നയിച്ച കുടുംബപരമായ അത്യാവശ്യം എന്നിവ പരിഗണിച്ച് അനുഭാവപൂർവ്വം പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) No.866/2023-മേലുള്ള 30.06.2023 തീയതിയായ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജിത് നാസർ കെ എ എസ്
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക്(ആരോഗ്യം)
ഡോ.അമ്പിളി.ബി., കൺസൽട്ടന്റ് (അനസ്തീഷ്യ), "നിർമാല്യം", VP 1/1123, പെരുകാവ്, തിരുമല, പേയാട്, തിരുവനന്തപുരം - 695 573.
ഡോ.സന്തോഷ് ബാബു.യു., കൺസൽട്ടന്റ് (അനസ്തീഷ്യ), ജനറൽ ആശുപത്രി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

മേലെഴുത്ത് നം.ഇ.എ1- 14000/2023/ആ.വ.ഡ, തീയതി 08.08.2023
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
R Renuka
Date: 07-08-2023 13:29:41

ആ.വ.ഡയ്ക്ക് വേണ്ടി

0195352